സഹകരണസംഘങ്ങൾക്കെതിരെ ലഭിച്ച പരാതിയിന്മേലുള്ള നടപടി

25(2277) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അഴിമതി നടത്തിയതുമായി ബന്ധപ്പെട്ട് എത്ര സഹകരണ സംഘങ്ങൾക്കെതിരെ പരാതി ലഭിച്ചിട്ടുണ്ട് ;

(ബി) ഇതിൽ എത്ര സംഘങ്ങൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട് ; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അഴിമതി നടത്തിയതുമായി ബന്ധപ്പെട്ട് 1054 സഹകരണ സംഘങ്ങൾക്കെതിരെ പരാതി ലഭിച്ചിട്ടുണ്ട്.

(ബി) 117 സഹകരണ സംഘങ്ങളിൽ അന്വേഷണം പൂർത്തിയാക്കി സഹകരണ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 185 സഹകരണ സംഘങ്ങളിൽ സഹകരണ നിയമം 65, 66, 68 വകുപ്പുകൾ പ്രകാരം അന്വേഷണം നടന്നുവരികയും നടപടി സ്വീകരിച്ചു വരികയും ചെയ്യുന്നു. മേൽ അന്വേഷണത്തിൽ ഗുരുതരമായ ക്രമക്കേടുകൾ കണ്ടെത്തിയ കേസുകൾ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ മുഖേന അന്വേഷണം നടത്തുന്നതിന് ശിപാർശ ചെയ്യുകയും വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ കേസുകൾ രജിസ്റ്റർ ചെയ്യുകയും അന്വേഷണം നടത്തി വരികയും ചെയ്യുന്നു. 112 സംഘങ്ങളിൽ സഹകരണ വിജിലൻസ് മുഖേന അന്വേഷണം തുടർന്നു വരുന്നു. 640 സഹകരണ സംഘങ്ങളിൽ വകുപ്പുതല അന്വേഷണം നടന്നു വരുന്നു.

സഹകരണ സ്ഥാപനങ്ങളിലെ നിയമനങ്ങൾ

26 (2278) ശ്രീ. എ. എ. ഷുക്കൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിൽ പുന്നപ്രയിൽ പ്രവർത്തിക്കുന്ന സഹകരണ ആശുപത്രി, സഹകരണ എഞ്ചിനീയറിംഗ് കോളേജ്, എം.ബി.എ. കോഴ്സ് ആരംഭിച്ച കോളേജുകൾ എന്നിവിടങ്ങളിൽ അദ്ധ്യാപക-അദ്ധ്യാപകേതര, ലാസ്റ്റ് ഗ്രേഡ് തസ്തികകളിൽ നിയമനം നടത്തുന്നത് ഏതു വിധത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) അദ്ധ്യാപകരായി എത്ര പേരെ നിയമിച്ചു ; ഉന്നത ഉദ്യോഗസ്ഥ തസ്തികകളിൽ എത്രപേരെ നിയമിച്ചു ; ലാസ്റ്റ് ഗ്രേഡ് തസ്തികകളിൽ എത്രപേരെ നിയമിച്ചു ; അവർ ആരൊക്കെയാണെന്ന് പേരു സഹിതം വിശദീകരിക്കുമോ ;

(സി) പെൻഷൻ പറ്റിയ എത്രപേരെ വിവിധ തസ്തികകളിൽ നിയമിച്ചു എന്ന് വ്യക്തമാക്കുമോ ; ഇവരുടെ പേരുവിവരവും വേർതിരിച്ചു വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പുന്നപ്രയിൽ പ്രവർത്തിക്കുന്ന സഹകരണ ആശുപത്രിയും എഞ്ചിനീയറിംഗ് കോളേജും എം.ബി.എ. കോളേജും കേപ്പിന്റെ കീഴിലെ സ്ഥാപനങ്ങളാണ്. കേപ്പ് രജിസ്റ്റർ ചെയ്തിരിക്കുന്നത് ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരമാണ്. ഇത് ഒരു സ്വാശ്രയ സ്ഥാപനമാണ്. കേപ്പിന്റെ നിയമങ്ങൾ പ്രകാരം സ്ഥാപനങ്ങളിലേക്കുള്ള നിയമനം അപേക്ഷ ക്ഷണിച്ച് ടെസ്റ്റും ഇന്റർവ്യൂവും നടത്തിയും അപേക്ഷ ക്ഷണിച്ച് ഇന്റർവ്യൂ മാത്രം നടത്തിയും കോൺട്രാക്ട് അടിസ്ഥാനത്തിലും സ്വീപ്പർമാരെ ദിവസവേതനത്തിലുമാണ് നിയമിക്കുന്നത്. ആലപ്പുഴ ജില്ലയിൽ പുന്നപ്രയിൽ കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷന്റെ (കേപ്പ്) കീഴിൽ പ്രവർത്തിക്കുന്ന സഹകരണ ആശുപത്രി, സഹകരണ എഞ്ചിനീയറിംഗ് കോളേജ്, എം.ബി.എ. കോളേജ് എന്നിവിടങ്ങളിൽ അദ്ധ്യാപക-അദ്ധ്യാപകേതര, ലാസ്റ്റ് ഗ്രേഡ് തസ്തികകളിലേക്കുള്ള റഗുലർ നിയമനം എഴുത്തു പരീക്ഷയുടെയും ഇന്റർവ്യൂവിന്റേയും അടിസ്ഥാനത്തിലും താൽക്കാലിക നിയമനങ്ങൾ കോൺട്രാക്ട് അടിസ്ഥാനത്തിലുമാണ് നടത്തുന്നത്. സ്വീപ്പർമാരെ ദിവസവേതന അടിസ്ഥാനത്തിലും നിയമനം നടത്തുന്നുണ്ട്.

(ബി) പുന്നപ്ര എൻജിനീയറിംഗ് കോളേജിൽ അദ്ധ്യാപകരായി 49 പേരെ നിയമിച്ചിട്ടുണ്ട്. എം.ബി.എ. കോളേജിൽ അദ്ധ്യാപകരായി 6 പേരെയും നിയമിച്ചിട്ടുണ്ട്. എൻജിനീയറിംഗ് കോളേജിലും എം.ബി.എ കോളേജിലും സഹകരണ ആശുപത്രിയിലുമായി ഉന്നത ഉദ്യോഗസ്ഥ തസ്തികകളിൽ 13 പേരെയും ലാസ്റ്റ് ഗ്രേഡ് തസ്തികകളിൽ 29 പേരെയും നിയമിച്ചിട്ടുണ്ട്. ഇവരുടെ പേരു വിവരം അനുബന്ധം 1 ആയി ചേർക്കുന്നു.*

(സി) പുന്നപ്ര എൻജിനീയറിംഗ് കോളേജിൽ പെൻഷൻ പറ്റിയ 10 പേരെയും, എം.ബി.എ. കോളേജിൽ ഒരാളേയും, പുന്നപ്ര സഹകരണ ആശുപത്രിയിൽ 12 പേരെയും കരാറടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. ഇവരുടെ പേര് വിവരം അനുബന്ധനം 2 ആയി ചേർക്കുന്നു.*

സഹകരണ വകുപ്പിലെ ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ/ ഓഡിറ്റർ, സീനിയർ ഇൻസ്പെക്ടർ/ഓഡിറ്റർ തസ്തിക

27 (2278) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ വകുപ്പിൽ ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ/ ഓഡിറ്റർ, സീനിയർ ഇൻസ്പെക്ടർ/ഓഡിറ്റർ എന്നീ പോസ്റ്റുകളിൽ എത്ര തസ്തിക വീതമാണ് അനുവദിക്കപ്പെട്ടിട്ടുള്ളത് ;

(ബി) ജൂനിയർ-സീനിയർ തസ്തികകൾ തമ്മിലുള്ള അനുപാതം എത്രയാണ്; നിശ്ചിത അനുപാതം പാലിക്കപ്പെടാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly